പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3430 — 14.03.2018 -ൽ മറുപടിക്ക്.

## കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികളുടെ റേഷൻ പെർമിറ്റ്

| ചോദ്യം<br>**ശ്രീ.ബി.ഡി. ദേവസ്സി** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് എസ്റ്റാബ്ലീഷ് മെൻറ് പെർമിറ്റ് വെൽഫെയർ വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ അരി നൽകിയിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ : | (എ) ഉണ്ട്. |
| (ബി) പെർമിറ്റ് പുതുക്കിയപ്പോൾ പ്രതിമാസം 17.55 ക്വിന്റൽ അരി എന്നത് 8.5 ക്വിന്റലായി കുറച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) ഈ സ്ഥാപനത്തിന്റെ പെർമിറ്റ് എ.പി.എൽ വിഭാഗത്തിലെ എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് ആയിരുന്നപ്പോഴാണ് എ.പി.എൽ നിരക്കായ കിലോഗ്രാമിന് 8.90/- രൂപയ്ക്ക് 17.55 ക്വിന്റൽ അരി നല്കിയിരുന്നത്. എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് പ്രകാരം വിതരണം നടത്തേണ്ട ഭക്ഷ്യധാന്യങ്ങൾ ടൈഡ് ഓവർ വിഹിതത്തിൽ നിന്നും വകമാറ്റി നല്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ ബഹു.ചാലക്കുടി എം.എൽ.എ യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് ഡയറക്ടറുടെ 26.07.2017 ലെ എ4-1410/2013 നമ്പർ നടപടിക്രമം പ്രകാരം വെൽഫെയർ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ടി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ 170 അന്തേവാസികളുടെ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിലവിലെ വെൽഫെയർ പെർമിറ്റ് പ്രകാരം നല്കുന്ന ഭക്ഷ്യധാന്യത്തിന്റെ തോതായ ആളൊന്നിന് 5 കിലോഗ്രാം അരി സൗജന്യമായും 2 കിലോഗ്രാം ഗോതമ്പ് 2/- രൂപ നിരക്കിലും നല്കി വരുന്നുണ്ട്. |
| (സി) ഇതുമൂലം അന്തേവാസികൾക്ക് ആവശ്യമായ അരി ലഭിക്കാത്തതും അനുവദിച്ച അരി യഥാസമയം ലഭ്യമാകാത്തതും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) വെൽഫെയർ വിഭാഗത്തിന് കേന്ദ്ര അലോട്ട്മെന്റ് നിലവിൽ ലഭ്യമല്ലെങ്കിലും നിലവിലെ എ.എ.വൈ വിഹിതത്തിൽ നിന്നും വകമാറ്റി വെൽഫെയർ പെർമിറ്റിന്റെ റേഷൻ സാധനങ്ങൾ കൃത്യമായി നല്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) അടിയന്തരമായി റേഷൻ പെർമിറ്റ് പുതുക്കി നൽകി അന്തേവാസികൾക്ക് കൂടുതൽ അരി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ഡി) നിലവിലെ പെർമിറ്റ് കാലാവധി അവസാനിക്കുന്നതനുസരിച്ച് പുതുക്കി നല്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**